**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് തുക കൈമാറിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിന്റെ പുരോഗതി അറിയിക്കാമോ; | (എ) | കൊച്ചി-ബാംഗ്ലൂർ ഇടനാഴിയ്ക്ക് പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് 409.82 കോടി രൂപയും പുതുശ്ശേരി 1 ൽ സ്ഥലം ഏറ്റെടുക്കുന്നതിന് 448.93 കോടി രൂപയും കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആനുഷംഗീക ചെലവിനത്തിൽ പുതുശ്ശേരി 2, ഒഴലപ്പതി എന്നിവിടങ്ങളിലേക്കായി 1 കോടി രൂപയും കൈമാറിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാമാണ് വ്യവസായ ക്ലസ്റ്ററുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകളാണ് രൂപീകരിക്കുന്നതെന്നും അറിയിക്കാമോ; ഇതിനായി എത്ര സ്ഥലം വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 310 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള രേഖകളുടെ പരിശോധന പുരോഗമിച്ചുവരുന്നു. പുതുശ്ശേരിയിൽ 600 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിൻറെ ഭാഗമായി 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതുശ്ശേരി 2 ൽ 558 ഏക്കർ ഏറ്റെടുക്കുന്നതിലേക്കായി 11(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റിൽ 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് പരിഗണനയിലാണ്. എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ സ്ഥാപിക്കുന്ന GIFT CITY ക്കായി 500 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ Market Demand Assessment, Project Report എന്നിവയുമായി ബന്ധപ്പെട്ട് പഠനം പുരോഗമിച്ചുവരുന്നു. പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ക്ലസ്റ്ററുകളിൽ ആരംഭിക്കാൻ സാധിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതി നടപ്പിലാക്കാനായി മൊത്തം 2,343 ഏക്കർ (പാലക്കാട് 1,843 ഏക്കറും എറണാകുളം 500 ഏക്കറും) ഭൂമിയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വ്യവസായ ഇടനാഴി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും സമയബന്ധിതമായി റിവ്യൂ നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ